## പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

2015 ജൂലൈ 29, ബുധൻ

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

മറുപടി നൽകുന്ന മന്ത്രിമാർ

മുഖ്യമന്ത്രി

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി

കസ്തൂരി രംഗൻ റിപ്പോർട്ട്

*601. ശ്രീ.സാജു പോൾ

,, കെ.കെ.ജയചന്ദ്രൻ

,, കെ.കുഞ്ഞമ്മത് മാസ്റ്റർ

,, ബി.ഡി. ദേവസ്സി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കസ്തൂരി രംഗൻ റിപ്പോർട്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പരിസ്ഥിതി ദുർബല മേഖലകളെ തരം തിരിച്ച് വീണ്ടും റിപ്പോർട്ട് നൽകാൻ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) പരിസ്ഥിതി മന്ത്രാലയം ഇത് സംബന്ധമായി 2015 ജൂലൈ 7 ന് വിളിച്ചു ചേർത്ത യോഗത്തിൽ സംസ്ഥാനത്തുനിന്ന് ബന്ധപ്പെട്ട മന്ത്രി പങ്കെടുക്കുകയുണ്ടായോ ; മലയോര ജനതയുടെ ആശങ്ക പരിഹരിക്കാൻ പ്രസ്തുത യോഗത്തിൽ സ്വീകരിച്ച നിലപാട് വെളിപ്പെടുത്താമോ ;

(സി) ഇക്കാര്യത്തിൽ അന്തിമ വിജ്ഞാപനം എപ്പോൾ പുറത്തിറക്കുമെന്നാണ് യോഗം തീരുമാനിച്ചിട്ടുള്ളത് ; കരട് വിജ്ഞാപനത്തിന്റെ കാലാവധി കഴിയുന്നതെപ്പോഴാണ് ;

(ഡി) സർക്കാർ നിയോഗിച്ച ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കുകയുണ്ടായിട്ടുണ്ടോ ; ഇതു നിലനിൽക്കെ വീണ്ടും റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണോ ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ലഹരി വസ്തുക്കൾക്ക് അടിമപ്പെടുന്ന വിദ്യാർത്ഥികൾ

*602. ശ്രീമതി.കെ.എസ്.സലീഖ

ഡോ.കെ.ടി.ജലീൽ

ശ്രീ.വി.ശിവൻകുട്ടി

ശ്രീമതി.പി. അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിയേറ്ററുകളിലും ഒഴിഞ്ഞ പ്രദേശങ്ങളിലും പാർക്കുകളിലും ലഹരി വസ്തുക്കളുമായി വിദ്യാർത്ഥികളെ കാണപ്പെടുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലഹരിവസ്തുക്കളുപയോഗിച്ച് ഉന്മാദാവസ്ഥയിൽ കുട്ടികളെ കണ്ടെത്തിയിട്ടുള്ളതായി അറിയാമോ;

(സി) സംസ്ഥാനത്തെങ്ങും ലഹരി വസ്തുക്കൾ ലഭിക്കുന്നതിന്റെയും വിദ്യാർത്ഥികൾ ഇതിനടിമപ്പെടുന്നതിന്റെയും കാരണങ്ങൾ പരിശോധിക്കുമോ?

ഫയർ ആന്റ് റസ്ക്യൂ സർവ്വീസ് നവീകരണം

*603. ശ്രീ.ടി.എൻ. പ്രതാപൻ

,, എം.എ. വാഹീദ്

,, ഹൈബി ഈഡൻ

,, കെ.മുരളീധരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ ആന്റ് റസ്ക്യൂ സർവ്വീസ് നവീകരിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ശാസ്ത്രീയമായ കുറ്റാന്വേഷണം

*604. ശ്രീ.കെ.സുരേഷ് കുറുപ്പ്

ശ്രീമതി.കെ.കെ.ലതിക

ശ്രീ.സി.കൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളിൽ അന്വേഷണത്തിന്റെ ഭാഗമായി കസ്റ്റഡിയിൽ എടുക്കപ്പെടുന്നവരോട് അപരിഷ്കൃതമായും ക്രൂരമായും പെരുമാറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പെരുമാറ്റ രീതികൾ അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) കുറ്റാന്വേഷണം ശാസ്ത്രീയമായ രീതിയിൽ നടത്താതെ അപരിഷ്കൃതമായ രീതിയിൽ നടത്തുന്നതുമൂലം പീഡനങ്ങൾക്കിരയായവർ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മൂന്നാംമുറ പ്രയോഗം നടത്തിയതായി ആരോപിക്കപ്പെട്ട പോലീസുകാർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

ഐ .എം .ജി. യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ നടപടി

*605. ശ്രീ.എം.പി.വിൻസെന്റ്

,, സണ്ണി ജോസഫ്

,, ഡൊമിനിക് പ്രസന്റേഷൻ

,, സി.പി.മുഹമ്മദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പിലാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

വിഴിഞ്ഞം തുറമുഖത്തിന് കബോട്ടാഷ് നിയമത്തിൽ ഇളവ്

*606. ശ്രീ.റോഷി അഗസ്റ്റിൻ

,, എം.വി.ശ്രേയാംസ് കുമാർ

ഡോ.എൻ. ജയരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തിന് കബോട്ടാഷ് നിയമത്തിൽ ഇളവ് നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച കേന്ദ്ര സർക്കാറിൻെറ കരട് ശിപാർശ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

ഡോ. മീനാകുമാരി കമ്മിറ്റി റിപ്പോർട്ട്

*607. ശ്രീ.കെ. ദാസൻ

,, എസ്.ശർമ്മ

,, കെ.കുഞ്ഞിരാമൻ **(ഉദുമ)**

,, കെ.കെ.നാരായണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ.മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ സംബന്ധിച്ച് വിശദമായ പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) ഏതെല്ലാം ശിപാർശകളാണ് മത്സ്യത്തൊഴിലാളികളെ ആ മേഖലയിൽ നിന്ന് അകറ്റാൻ ഇടയാക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് തള്ളിക്കളയുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടത് എപ്പോഴാണ്; അനുകൂലമായ എന്തെങ്കിലും തീരുമാനം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രി നടത്തിയ പ്രഖ്യാപനങ്ങൾ

*608. ശ്രീ.കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ)**

,, ജെയിംസ് മാത്യു

ശ്രീമതി.കെ.കെ.ലതിക

,, കെ.എസ്.സലീഖ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി ഓരോ ജില്ലയിലും മുഖ്യമന്ത്രി നടത്തിയ പുതിയ പ്രഖ്യാപനങ്ങൾ നടപ്പിലാക്കാൻ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഏതെങ്കിലും നിലയിലുള്ള പഠനം നടത്തിയതിനുശേഷമാണോ ജില്ലകളിൽ പദ്ധതി പ്രഖ്യാപനങ്ങൾ നടത്തിയത്; എങ്കിൽ അതേക്കുറിച്ച് വിശദമാക്കാമോ;

(സി) നിലവിൽ ബജറ്റിന്റെ ഭാഗമായിട്ടുള്ളവയാണോ പ്രഖ്യാപിത പദ്ധതികൾ; എങ്കിൽ ഇത്തരത്തിൽ പ്രത്യേകമായി പ്രഖ്യാപിച്ചത് എന്തുകൊണ്ടായിരുന്നു; ഓരോ ജില്ലയിലും പ്രഖ്യാപിച്ചവ പുതിയ പദ്ധതികളാണെങ്കിൽ അവയ്ക്ക് ഫണ്ട് കണ്ടെത്തുന്നത് ഏത് രീതിയിലാണ്; വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രഖ്യാപനങ്ങൾ എപ്പോൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ ?

ജലഗതാഗതയാനങ്ങളുടെ സുരക്ഷ

*609. ശ്രീ.റ്റി.എ.അഹമ്മദ് കബീർ

,, സി.മോയിൻ കുട്ടി

,, എം.ഉമ്മർ

,, സി.മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിന്റെ ജലഗതാഗതയാനങ്ങളുടെ സുരക്ഷ ഉറപ്പാക്കാ ൻ എന്തൊക്കെ മുൻകരുതൽ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ജലഗതാഗത വകുപ്പിന്റെ കീഴിൽ സർവ്വീസ് നടത്തുന്ന ബോട്ടുകൾ പലതും കാലപ്പഴക്കംചെന്നും അറ്റകുറ്റപ്പണി നടത്താതെയും അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇവയുടെ പരിശോധനയ്ക്കും റിപ്പയറിംഗിനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ?

ഫയൽനീക്കത്തിലെ കാലതാമസം

*610. ശ്രീ.കെ.വി.വിജയദാസ്

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

,, കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക സാങ്കേതിക വിദ്യകളും അതിനനുസരിച്ചുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയ വകുപ്പുകളിൽപ്പോലും ഫയൽനീക്കത്തിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാകാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഇ-ഫയലിംഗും അനുബന്ധമായ മറ്റ് പ്രഖ്യാപനങ്ങളും പൂർണമായും നടപ്പിലാവുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സെക്രട്ടേറിയറ്റിൽ ഒരു സെക്ഷനിൽ നിന്ന് മുഖ്യമന്ത്രിയുടെ ആഫീസിൽ ഒരു ഫയൽ എത്താൻ എടുക്കുന്ന സമയം പൊതുവിൽ എത്രയാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ?

ആന്റി ഹരാസ്മെന്റ് കമ്മിറ്റികൾ

*611. ശ്രീമതി.ഇ.എസ്.ബിജിമോൾ

ശ്രീ.സി.ദിവാകരൻ

ശ്രീമതി.ഗീതാ ഗോപി

ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആഫീസുകളിൽ സ്ത്രീകൾക്കെതിരായ ലൈംഗീകാതിക്രമങ്ങൾ തടയുന്നതിന് ആന്റി ഹരാസ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കണമെന്ന് സുപ്രീം കോടതി ഉത്തരവായിട്ടുണ്ടോ; എങ്കിൽ സർക്കാരാഫീസുകളിൽ ഇത്തരം കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ജില്ലാ, ബ്ലോക്ക് തലത്തിലും ഗ്രാമപഞ്ചായത്ത് തലങ്ങളിലുമുള്ള ആഫീസുകളിൽ ജീവനക്കാരുടെ പരാതി പരിഹരിക്കാൻ പ്രത്യേക പാനൽ രൂപീകരിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ആന്റി ഹരാസ്മെന്റ് കമ്മിറ്റികളുടെയും പാനലുകളുടെയും ഘടന എന്തായിരിക്കും; എല്ലാ ആഫീസുകളിലും ഇവ രൂപീകരിക്കുന്നതിന് എത്രകാലം വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ?

അന്യ സംസ്ഥാന തൊഴിലാളികളുടെ സുരക്ഷാ പ്രശ്നങ്ങൾ

*612. ശ്രീ.പി.ഉബൈദുള്ള

,, കെ.എൻ.എ.ഖാദർ

,, എൻ. ഷംസുദ്ദീൻ

,, എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലെടുക്കുന്ന അന്യ സംസ്ഥാന തൊഴിലാളികളുടെ സുരക്ഷയ്ക്കും, അവർ ഉൾപ്പെടുന്ന കുറ്റ കൃത്യങ്ങൾ നിയന്ത്രിക്കുന്നതിനുമായി പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള ഉത്തരവാദിത്തങ്ങൾ വിശദമാക്കുമോ ;

(ബി) ഇക്കാര്യത്തിന് പ്രത്യേക ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകാമോ ;

(സി) ഏജന്റുമാരും മേസ്തിരിമാരും അന്യ സംസ്ഥാന തൊഴിലാളികളിൽ നിന്ന് പ്രതിദിന കമ്മീഷൻ ഈടാക്കുന്നതായും, പ്രാദേശിക ഗുണ്ടകൾ ഗുണ്ടാപിരിവ് നടത്തുന്നതായുമുള്ള പരാതികൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; അത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാനുള്ള കർശന നിർദ്ദേശം നൽകുമോ ?

നഴ്സിംഗ് റിക്രൂട്ട്മെൻറ് തട്ടിപ്പ്

*613. ശ്രീ.പി.ടി.എ. റഹീം

,, എ.എം. ആരിഫ്

,, സി.കെ സദാശിവൻ

,, ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഴ്സിംഗ് റിക്രൂട്ട്മെൻറ് തട്ടിപ്പിന് പുറമേ വൻതോതിൽ ഹവാല ഇടപാടും നടന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നഴ്സിംഗ് റിക്രൂട്ട്മെൻറ് തട്ടിപ്പ് നടത്തിയ കൊച്ചിയിലെ രവിപുരം ചർച്ച് ലാൻറിംഗ് റോഡിൽ പ്രവർത്തിക്കുന്ന അൽ സറാഫ നഴ്സിംഗ് ഏജൻസിയുടെ ഹവാല ഇടപാടുമായി ബന്ധപ്പെട്ട് സംസ്ഥാന പോലീസിന് ലഭിച്ച വിവരങ്ങൾ സംബന്ധിച്ച് യഥാസമയം അന്വേഷണം നടത്തുകയുണ്ടായിട്ടുണ്ടോ; പ്രസ്തുത ഇടപാടിൽ കണ്ണികളായി പ്രവർത്തിച്ചിരുന്നവർ ആരൊക്കെയാണ്;

(സി) ഇത സംബന്ധിച്ച് സംസ്ഥാന പോലീസ് എന്തെങ്കിലും നടപടി കൈക്കൊള്ളുകയുണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തായിരുന്നു;

(ഡി) സംസ്ഥാനത്തെ ഏതെങ്കിലും ട്രസ്റ്റുമായി പ്രസ്തുത ഏജൻസി ഉടമ ശ്രീ. ഉഴപ്പ വർഗ്ഗീസ് എന്തെങ്കിലും ഇടപാട് നടത്തുയുണ്ടായിട്ടുണ്ടോ എന്ന് അന്വേഷിയ്ക്കുമോ?

വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ

*614. ശ്രീ.എം.ചന്ദ്രൻ
,, കോടിയേരി ബാലകൃഷ്ണൻ
,, ജി.സുധാകരൻ
,, എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണ ജനങ്ങൾക്ക് സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഇതിനു പരിഹാരം കണ്ടെത്തുന്നതിനായി ഭരണ നടപടികൾ ശാസ്ത്രീയവും സുതാര്യവുമാക്കുന്നതിന് തയ്യാറാകുമോ ;

(സി) പരിഗണനയിലെത്തുന്ന ഫയലുകളിൽ സമയബന്ധിതമായ തീരുമാനം എടുക്കാൻ മന്ത്രിമാർക്ക് കഴിയുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഭരണപരിഷ്കാര നടപടികളിലൂടെയും ജീവനക്കാരെ വിശ്വാസത്തിലെടുത്തും വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ തയ്യാറാകുമോ ?

ട്രാഫിക് നിയമം നടപ്പാക്കാൻ ആധുനിക സംവിധാനം

*615. ശ്രീ.എ.റ്റി.ജോർജ്
,, പി.സി വിഷ്ണുനാഥ്
,, അൻവർ സാദത്ത്
,, ഐ.സി.ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ട്രാഫിക് നിയമം നടപ്പാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ

*616. ശ്രീ.വി.പി.സജീന്ദ്രൻ
,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പ് റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്കായി പുതിയ പദ്ധതികൾ നടപ്പാക്കുന്നുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ജയിലുകളിൽ സൗരോർജ്ജ പദ്ധതി

*617. ശ്രീ.ബെന്നി ബെഹനാൻ
,, ഐ.സി.ബാലകൃഷ്ണൻ
,, പി.എ.മാധവൻ
,, ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിലുകളിൽ സൗരോർജ്ജം ഉൽപ്പാദിപ്പിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഫയർ ആന്റ് റസ്ക്യൂ സർവ്വീസിൽ അടിസ്ഥാന സൗകര്യങ്ങൾ

*618. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ ആന്റ് റസ്ക്യൂ സർവ്വീസിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഇന്റർസ്റ്റേറ്റ് ബസ്സുകളുടെ നവീകരണവും ആധുനികവൽക്കരണവും

*619. ശ്രീ.വി.ഡി.സതീശൻ
,, ജോസഫ് വാഴയ്ക്കൻ
,, കെ.മുരളീധരൻ
,, കെ.എസ്.ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഇന്റർസ്റ്റേറ്റ് ബസ്സുകളുടെ നവീകരണത്തിനും ആധുനികവൽക്കരണത്തിനും പദ്ധതികൾ നടപ്പാക്കുന്നുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>വിചാരണ തടവുകാർക്കായി ജില്ലാതല സമിതികൾ</u>

*620. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി
,, എം.പി.വിൻസെന്റ്
,, വി.റ്റി.ബൽറാം
,, ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിചാരണ തടവുകാർക്കായി ജില്ലാതല സമിതികളെ പുനസംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>ഗുണ്ടകളെ അമർച്ച ചെയ്യാൻ പദ്ധതി</u>

*621. ശ്രീ.പി.എ.മാധവൻ
,, ഹൈബി ഈഡൻ
,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണ്ടകളെ അമർച്ച ചെയ്യാൻ പ്രത്യേക പദ്ധതിക്ക് രൂപം നൽകാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>രാത്രിയാത്രാ നിരോധനം പിൻവലിക്കുന്നതിനുള്ള നടപടികൾ</u>

*622. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബന്ദിപ്പൂർ വഴിയുള്ള ദേശീയപാതയിൽ രാത്രിസഞ്ചാരം നിരോധിച്ചത് പിൻവലിക്കുന്നതിനായി കർണ്ണാടക മുഖ്യമന്ത്രിയുമായി ചർച്ച നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത ചർച്ചയിലൂടെ ഉയർന്നു വന്ന പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നിരോധനം നീക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>ട്രോളിംഗ് നിരോധനം</u>

*623. ശ്രീ.സി.ദിവാകരൻ
,, പി.തിലോത്തമൻ
,, കെ.അജിത്
,, ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധന കാലാവധി ദീർഘിപ്പിക്കാൻ ഡോ.സെയ്ദ റാവു കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ റിപ്പോർട്ടിലെ മറ്റ് ശിപാർശകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

<u>പോലീസിലെ ക്രിമിനലിസം</u>

*624. ശ്രീ.ഇ.ചന്ദ്രശേഖരൻ
,, മുല്ലക്കര രത്നാകരൻ
,, വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ വർദ്ധിച്ചുവരുന്ന ക്രിമിനലിസം തടയാൻ നടപടിയെടുക്കണമെന്ന് ഡിവിഷൻ ബെഞ്ചിന്റെ വിധിയുണ്ടായിട്ടുണ്ടോ; വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) കേരള പോലീസിൽ ക്രിമിനൽ പശ്ചാത്തലമുള്ള പോലീസുകാരുണ്ടോ; വെളിപ്പെടുത്തുമോ;

(സി) പോലീസിലെ ക്രിമിനലിസം നിരീക്ഷിച്ച് നടപടിയെടുക്കാൻ എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>തീര സുരക്ഷാ സംവിധാനങ്ങളുടെ കാര്യക്ഷമത</u>

*625. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി

,, കെ.എം.ഷാജി

,, പി.കെ.ബഷീർ

,, പി.ബി. അബ്ദുൾ റസാക് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിൻെറ തീരമേഖലയിൽ ഏർപ്പെടുത്തിയിട്ടുള്ള തീരസുരക്ഷാ സംവിധാനങ്ങളുടെ കാര്യക്ഷമത കാലാകാലങ്ങളിൽ പരിശോധിക്കാറുണ്ടോ ;

(ബി) എങ്കിൽ ഏറ്റവും ഒടുവിൽ പരിശോധന നടത്തിയതെന്നാണെന്നും, കണ്ടെത്തലുകൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ ;

(സി) തീരസുരക്ഷയുമായി ബന്ധപ്പെട്ട മത്സ്യത്തൊഴിലാളികളുടെ സേവനവും, സഹകരണവും എത്രത്തോളം ഉപയോഗപ്പെടുത്തുന്നുണ്ടെന്നും,അവരുടെ സുരക്ഷയ്ക്ക് കോസ്റ്റൽ പോലീസ് എന്തൊക്കെ സഹായങ്ങൾ നൽകുന്നുണ്ടെന്നും വ്യക്തമാക്കുമോ?

<u>ഹൈക്കോടതി ബഞ്ചിനുള്ള അപേക്ഷ</u>

T *626. ശ്രീ.തോമസ് ചാണ്ടി

,, എ. കെ. ശശീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിനുള്ള അപേക്ഷ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ബി) ഹൈക്കോടതി ബഞ്ചിനുള്ള അപേക്ഷ ലഭിച്ചാൽ അനുഭാവത്തോടെ പരിഗണിക്കുമെന്ന കേന്ദ്ര നിയമ മന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത അപേക്ഷ ചീഫ് ജസ്റ്റിസിൻെറ അനുമതിയോടെ അടിയന്തരമായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ജയിൽവകുപ്പിന്റെ പരിഷ്കരണത്തിന് പദ്ധതി</u>

*627. ശ്രീ.കെ.മുരളീധരൻ

,, ലൂഡി ലൂയിസ്

,, എം.എ. വാഹീദ്

,, ആർ . സെൽവരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജയിൽ വകുപ്പിന്റെ പരിഷ്കരണത്തിന് പദ്ധതി രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>ഹൈഡ്രോ ഫോയിൽ പാസഞ്ചർ സർവ്വീസ്</u>

*628. ശ്രീ.ഷാഫി പറമ്പിൽ

,, സി.പി.മുഹമ്മദ്

,, അൻവർ സാദത്ത്

,, ഹൈബി ഈഡൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈഡ്രോ ഫോയിൽ പാസഞ്ചർ സർവ്വീസ് പദ്ധതിക്ക് തുറമുഖ വകുപ്പ് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>ശുചിത്വ തീരം പദ്ധതി</u>

*629. ശ്രീ.വർക്കല കഹാർ

,, തേറമ്പിൽ രാമകൃഷ്ണൻ

,, പി.എ.മാധവൻ

,, കെ.ശിവദാസൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുചിത്വ തീരം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>മോട്ടോർ വാഹന വകുപ്പിൽ ഇ-ഗവേണൻസ്</u>

*630. ശ്രീ.സണ്ണി ജോസഫ്

,, കെ.എസ്.ശബരീനാഥൻ

,, പാലോട് രവി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പിൽ ഇ-ഗവേണൻസ് നടപ്പാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
21-07-2015

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.